## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.315 — 14/03/21017-ൽ മറുപടിയ്ക്ക്

## പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ലബോറട്ടറികളുടെയും നിയന്ത്രണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ**<br>**,, ജി.എസ്.ജയലാൽ**<br>**,, വി.ആർ. സുനിൽ കുമാർ**<br>**ശ്രീമതി സി.കെ. ആശ** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാപകമായി യാതൊരു നിയന്ത്രണവുമില്ലാതെ പാരാമെഡിക്കൽ കോഴ്സുകൾ എന്ന പേരിൽ എക്സ്റേ, ഇ.സി.ജി, ഡയാലിസിസ് ടെക്നീഷ്യൻ, ഫിസിയോതെറാപ്പി ടെക്നീഷ്യൻ എന്നിങ്ങനെ കോഴ്സുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇത്തരം കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | "അലൈഡ് & ഹെൽത്ത് കെയർ പ്രൊഫഷണൽസ് സെൻട്രൽ കൗൺസിൽ ബിൽ 2015" ന്റെ കരട് ബിൽ കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത ബില്ല് നിയമമാകുമ്പോൾ അതിൽ പ്രതിപാദിച്ചിരിക്കുന്നപോലെ സ്റ്റേറ്റ് കൗൺസിലുകൾ രൂപീകരിച്ച് പാരാമെഡിക്കൽ കോഴ്സുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ട് വരാൻ സാധിക്കും. |
| (സി) | സംസ്ഥാനത്ത് ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ പരിശോധനാ ലാബുകൾക്ക് യാതൊരു നിയന്ത്രണവുമില്ലെന്ന | (സി) | ഉണ്ട്; നിലവിൽ സ്വകാര്യ മേഖലയിലെ ലാബുകളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ നിയമമില്ല. സംസ്ഥാനത്തെ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ? | | ലാബുകളുടെ പ്രവർത്തനനിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ "കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗു.) ബിൽ 2017" ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ മാത്രമേ ലാബുകളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ